"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3421/2023-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 17-11-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**കുറ്റപത്രം**

വനിത ശിശു വികസന വകുപ്പിനു കീഴിൽ പെരുമ്പടപ്പ് ഐസിഡിഎസിലെ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ കൃഷ്ണകുമാർ പി എസി -നെതിരായുള്ള കുറ്റപത്രം.

1. ശ്രീ. കൃഷ്ണകുമാർ പി എസ് എന്ന താങ്കൾ ചുവടെ പറയുന്ന കുറ്റം ചെയ്തിരിക്കുന്നു.

   വനിത ശിശു വികസന വകുപ്പിനു കീഴിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നതും സ്ഥലംമാറ്റത്തെ തുടർന്ന് 06.01.2024 തീയതിയിൽ പെരുമ്പടപ്പ് ഐസിഡിഎസിൽ ജോലിയിൽ പ്രവേശിച്ചതുമായ താങ്കൾ 19.02.2024 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയാണ്. താങ്കൾ നിലവിലും ഓഫീസിൽ ഹാജരാകാതെ തുടരുന്നത് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നു. ഓഫീസ് മേധാവി അവധി അനുവദിക്കാതെ അനധികൃതമായി അവധിയിൽ പ്രവേശിച്ച താങ്കളുടെ പ്രവർത്തി ഗുരുതര കൃത്യവിലോപവും കടുത്ത അച്ചടക്ക ലംഘനവുമാണ്.

2. താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിയ്ക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം, 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം എന്നിവ പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിയ്ക്കാതിരിയ്ക്കുവാൻ[3] എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിയ്ക്കുവാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക സമർപ്പിക്കുന്നതിന് ഈ വിവരം ലഭിച്ച തിയതി മുതൽ 15 ദിവസം അനുവദിയ്ക്കുന്നു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മറുപടി ലഭ്യമാകാത്ത പക്ഷം ഇക്കാര്യത്തിൽ താങ്കൾക്കൊന്നും ബോധിപ്പിയ്ക്കുവാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിയ്ക്കുന്നുവോ എന്ന് കൂടി അറിയിക്കുവാൻ നിർദ്ദേശിയ്ക്കുന്നു. ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത റിക്കോർഡുകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിയ്ക്കുന്നുവെങ്കിൽ താങ്കളുടെ അപേക്ഷയിന്മേൽ മുൻകൂട്ടി നിശ്ചയിച്ച ഏതെങ്കിലും ദിവസം പ്രതിവാദത്തിനുള്ള താങ്കളുടെ പത്രിക സമർപ്പിയ്ക്കേണ്ട അവസാന തിയതിയ്ക്ക് മുൻപുള്ള നിശ്ചയിക്കപ്പെടുന്ന ദിവസം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ അവയിൽ നിന്നും പ്രസക്ത ഭാഗങ്ങൾ എഴുതിയെടുക്കാവുന്നതുമാണ്.

3. കുറ്റാരോപണങ്ങൾക്ക് ആധാരമായ പത്രിക അന്യത്ര ചേർത്തിരിക്കുന്നു.

PRIYANKA G IAS
**വനിത ശിശു വികസന ഡയറക്ടർ**

ശ്രീ കൃഷ്ണകുമാർ പി എസ്, ക്ലർക്ക്

ഐസിഡിഎസ് പെരുമ്പടപ്പ്

(കാര്യാലയമേധാവി മുഖാന്തിരം)

(രണ്ട് പകർപ്പുകൾ അയയ്ക്കുന്നു. ആയതിൽ ഒരു പകർപ്പിൽ ശ്രീ കൃഷ്ണകുമാറിന്റെ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തി മടക്കി ലഭ്യമാക്കേണ്ടതാണ്)

Signed by
Priyanka G I A S
Date: 17-11-2024 13:10:09

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/3421/2023-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 17-11-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**കുറ്റാരോപണപത്രിക**

വനിത ശിശു വികസന വകുപ്പിനു കീഴിൽ നേമം ഐസിഡിഎസിലെ ക്ലർക്കായിരുന്ന ശ്രീ കൃഷ്ണകുമാർ പി എസിനെതിരായി ടി കാര്യാലയത്തിലെ ജീവനക്കാർ നൽകിയ പരാതി സംബന്ധിച്ചും തിരുവനന്തപുരം ജില്ല വനിത ശിശു വികസന ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനുമായി വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുഖാന്തിരം സമഗ്രമായ അന്വേഷണം നടത്തുകയും ശ്രീ കൃഷ്ണമാറിന് നേമം ഐസിഡിഎസ് ഓഫീസിൽ നിന്നും സ്ഥലംമാറ്റം നൽകാവുന്നതാണെന്ന് അന്വേഷണ ഉദ്യോഗസ്ഥ ശുപാർശ ചെയ്യുകയും തുടർന്ന് ടിയാനെ പെരുമ്പടപ്പ് ഐസിഡിഎസിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്തിരുന്നു. അപ്രകാരം 06.01.2024 തീയതിയിൽ പെരുമ്പടപ്പ് ഐസിഡിഎസിൽ ജോലിയിൽ പ്രവേശിച്ച ടിയാൻ 19.02.2024 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയാണെന്നും നേരിട്ട് ഹാജരാകുവാൻ നിർദ്ദേശിച്ച് മെമ്മോ നൽകിയിരുന്നെങ്കിലും നാളിതുവരെ ഹാജരായിട്ടില്ല എന്നും പെരുമ്പടപ്പ് സിഡിപിഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാളുടെ 04.03.2024 മുതൽ 01.09.2024 വരെയുള്ള അവധി അപേക്ഷ തപാൽ മാർഗ്ഗം ലഭ്യമായത് കാര്യാലയമേധാവി നിരസിച്ചിട്ടുള്ളതും വിവരം ടിയാനെ അറിയിച്ചിട്ടുള്ളതുമാണ്. ടിയാൻ നിലവിലും ഓഫീസിൽ ഹാജരാകാതെ തുടരുകയാണെന്നും ആയത് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്നും കാര്യാലയമേധാവി അറിയിച്ചിട്ടുണ്ട്. ശ്രീ കൃഷ്ണകുമാർ പി എസിന്റെ ഭാഗത്ത് നിന്നുണ്ടായ ടി പ്രവർത്തി കടുത്ത അച്ചടക്ക ലംഘനവും കൃത്യവിലോപവുമായി കണ്ട് ഇപ്രകാരം കുറ്റപത്രം നൽകുന്നു.

**കുറ്റപത്രത്തിനാധാരമായ രേഖകൾ**

- പെരുമ്പടപ്പ് സിഡിപിഒയുടെ 05.09.2024, 11.11.2024 തീയതികളിലെ ഐസിഡിഎസ്/പിഡിപി2/24 നമ്പർ കത്ത്.

PRIYANKA G IAS
**വനിത ശിശു വികസന ഡയറക്ടർ**

ശ്രീ കൃഷ്ണകുമാർ പി എസ്, ക്ലർക്ക്

ഐസിഡിഎസ് പെരുമ്പടപ്പ്

(കാര്യാലയ മേധാവി മുഖാന്തിരം)

(രണ്ട് പകർപ്പുകൾ അയയ്ക്കുന്നു. ആയതിൽ ഒരു പകർപ്പിൽ ശ്രീ കൃഷ്ണകുമാറിന്റെ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തി മടക്കി ലഭ്യമാക്കേണ്ടതാണ്)

Signed by
Priyanka G I A S
Date: 17-11-2024 13:10:39